LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം വളരെ ശരിയാണ്. അദ്ദേഹം രണ്ടു കാര്യം പറഞ്ഞു. ഒന്ന് പവർ ഹൗസിൽ നേരത്തെ ഉണ്ടായ കാര്യം. അത് റീടെയിനിംഗ് വാൾ പൊട്ടിയതുകൊണ്ടായിരുന്നു. ഏതായാലും അത് റിപ്പയർ ചെയ്തു വരുകയാണ്. അതേയവസരത്തിൽ ഇപ്പോൾ 13-7-2005-ൽ ഉണ്ടായ സംഭവം പൊയ്ലിംഗപ്പുഴയിൽ അതിശക്തിയായ മഴയുണ്ടായതിന്റെ ഫലമായി വെള്ളം കൂടി വന്നു. ആ വെള്ളം കൂടി വന്നപ്പോൾ ഏകദേശം രണ്ടര മീറ്റർ ഉയരത്തിൽ തടയണയുടെ മുകളിൽ വെള്ളം വന്നു. ആ വെള്ളം വന്നതിന്റെ ഫലമായി 10 മീറ്റർ പൊക്കത്തിലുള്ള കരിങ്കൽ സംരക്ഷണഭിത്തി പൊട്ടിപ്പോയി. അതാണ് ചൈനീസ് ഡിസൈൻ അനുസരിച്ച് നടത്തിയ ഡ്രൈ പാക്കിംഗ്. അടിഭാഗത്ത് ഒന്നുരണ്ടു വർഷംകൊണ്ട് മണ്ണ് ഉറച്ചുവരും. അത് ഉറയ്ക്കാത്തതുകൊണ്ട് സംഭവിച്ചതാണ്. അതിന്റെ അടിഭാഗത്ത് ഒരു കോൺക്രീറ്റ് വേണ്ടതായിരുന്നു. അടിഭാഗത്തുള്ള മണ്ണുറയ്ക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മണ്ണുറയ്ക്കുന്നതിന് രണ്ടുവർഷമെങ്കിലും വേണ്ടിവരുമെന്നാണ് പറയുന്നത്. വാസ്തവത്തിൽ അത് കുഴപ്പമുള്ള ഡിസൈൻ അല്ല. ഇതേ ഡിസൈനിൽ തന്നെയാണ് ബാക്കിയുള്ള സ്ഥലത്തും ഉപയോഗിച്ചത്. 20 മീറ്റർ നീളത്തിലാണ് പൊട്ടിപ്പോയിട്ടുള്ളത്. അത് അടിയന്തിരമായി റിപ്പയർ ചെയ്യാനുള്ള നടപടികൾ എടുക്കുന്നുണ്ട്. അതിന്റെ ഫലമായി വലിയ ഗുരുതരമായ അവസ്ഥ ഉണ്ടാകില്ല എന്നാണ് ബോർഡിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കുഴപ്പം ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുകൊണ്ട് വീണ്ടും അവിടെ പരിശോധിക്കാനുള്ള എല്ലാ നടപടികളും കൈക്കൊള്ളാൻ ബോർഡിന് നിർദ്ദേശം നൽകും. ഈ കാര്യം കോഴിക്കോട് മെമ്പർമാരായ ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. പി. കെ. കെ. ബാവ, ശ്രീ. സുജനപാൽ എന്നിവർ എനിക്ക് എഴുതി തന്നിട്ടുണ്ട്. ഇത് വളരെ ഗുരുതരമായ കാര്യമാണ് എന്നുള്ളതുകൊണ്ടാണ് മെമ്പർമാർ എന്നോട് സംസാരിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് പെട്ടെന്ന് ചെയ്യാൻവേണ്ട എല്ലാ നടപടികളും കൈക്കൊള്ളുന്നതിന് ഞാൻ ബോർഡിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(8) ശാസ്താംകോട്ട കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ പ്രവർത്തനം

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഈ വിഷയം കഴിഞ്ഞ രണ്ടു നിയമസഭാ സമ്മേളനത്തിലും ഞാൻ അവതരിപ്പിച്ചു. അനുഭാവപൂർവ്വമായ ഒരു തീരുമാനം ഇതേവരെ ഉണ്ടാകാത്തതുകൊണ്ടാണ് വീണ്ടും വളരെ ഗൗരവത്തോടുകൂടി ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. കുന്നത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളായി വ്യാപാരികളും പൊതുജനങ്ങളും സ്വരൂപിച്ചുണ്ടാക്കിയ ഫണ്ട് ഉപയോഗിച്ചുകൊണ്ട് വളരെ മനോഹരമായിട്ടുള്ള കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇന്നേവരെ അതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ യാത്രാക്ലേശം അനുഭവപ്പെടുന്ന ഒരു താലൂക്ക് എന്ന നിലയിൽ ഈ താലൂക്കിലെ പൊതുജനങ്ങളുടെ ആഗ്രഹം സഫലീകരിക്കുന്നതിനും അതുപോലെ അതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഒരു പരിപാടിക്ക് ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ മുൻ കെ. പി. സി. സി. പ്രസിഡന്റും ഒക്കെ ഉറപ്പ് നൽകിയതാണ്. ഇപ്പോൾ തന്നെ അവിടെ സമരം ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് എന്നെ സഹായിക്കണം, എന്റെ താലൂക്കിനെ സഹായിക്കണം, അതിന് ഒരു തീരുമാനം ഉണ്ടായില്ലെങ്കിൽ എനിക്ക് നിരാഹാരം കിടക്കേണ്ടിവരും അത്തരത്തിലുള്ള ബഹുജന പ്രക്ഷോഭമാണ് അവിടെ ആരംഭിച്ചിട്ടുള്ളത്. ഡിപ്പോയുടെ പ്രവർത്തനം തുടങ്ങിയില്ലെങ്കിലും ഓപ്പറേറ്റിംഗ് സെന്ററായെങ്കിലും ഇത് തുടങ്ങണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സർ, ശാസ്താംകോട്ടയിൽ ഒരു ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നാല് ഏക്കർ സ്ഥലവും ബസ് സ്റ്റേഷന് ആവശ്യമായ കെട്ടിടങ്ങളും നിർമ്മിച്ച് നൽകാമെന്ന് ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സമ്മതിച്ചിരുന്നുവെങ്കിലും ഇതുവരെ ആ വസ്തു കൈമാറുകയോ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ഇതിനും പുറമേ കുന്നത്തൂർ താലൂക്ക് ആസ്ഥാനമായി രൂപീകരിച്ച താലൂക്ക് ലെവൽ ആക്ഷൻ കമ്മിറ്റി അവിടെ ബസ് സ്റ്റേഷൻ അനുവദിക്കരുത്, അനുവദിച്ചാൽ ശാസ്താംകോട്ട ശുദ്ധജല തടാകം മലിനമാകുമെന്ന വാദവുമായി മുന്നോട്ടു വന്നിട്ടുണ്ട്. രണ്ട് വ്യക്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുമുണ്ട്. എന്നാലും ഈ കെട്ടിടം പൂർത്തിയാക്കുകയും സ്ഥലം കെ.എസ്.ആർ.ടി.സി.ക്ക് കൈമാറുകയും ചെയ്താൽ ബഹുമാനപ്പെട്ട മെമ്പർ സത്യാഗ്രഹം കിടക്കണ്ട, അത് കൈമാറിയാൽ അവിടെ ബസ് സ്റ്റേഷൻ ആരംഭിക്കുന്നതാണ്. സ്ഥലം നൽകാമെന്ന് സമ്മതിച്ചു, കൈമാറിയിട്ടില്ല.

(9) മരുതോങ്കര, ചക്കിട്ടപ്പാറ പഞ്ചായത്തുകളിൽ ഉരുൾപൊട്ടലിനെ തുടർന്ന് ദുരന്തമുണ്ടായ പ്രദേശങ്ങളിൽ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബിനോയ് വിശ്വം : സർ, നാദാപുരം, പേരാമ്പ്ര മണ്ഡലങ്ങളിൽ മലയോര പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളും കടുത്ത ഭീതിയിലാണ്. എല്ലാവർഷവും മഴക്കാലത്ത് ഉരുൾപൊട്ടലുണ്ടായി പറഞ്ഞറിയിക്കാൻ കഴിയാത്ത നാശനഷ്ടങ്ങൾ